**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4636** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആറളം ഫാമിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആറളം ഫാമിൽ വന്യമൃഗ ശല്യം രൂക്ഷമായതിനെ തുടർന്ന് പ്രദേശവാസികൾക്ക് തൊഴിലെടുക്കാനും കൃഷി ചെയ്യാൻപോലും സാധിക്കാത്ത അവസ്ഥയാണ് എന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ 7000 ഏക്കറോളം വരുന്ന ആറളം ഫാമിലെ 3500 ഏക്കറാണ് ആദിവാസികൾക്കായി റവന്യൂ വകുപ്പ് പതിച്ച നൽകിയത്. ഭൂമി പതിച്ച് കിട്ടിയവരിൽ പകുതിയോളംപേർ ടി സ്ഥലം കൃഷിക്കായും താമസ്സത്തിനായും ഉപയോഗിച്ച വരുന്നു. ഫാമിലെ ഒഴിഞ്ഞ സ്ഥലങ്ങൾ മരങ്ങളും അടിക്കാട്ടുകളും വളർന്ന് വനസമാനമായി നിലനിൽക്കുകയാണ്. ഫാം സ്ഥിതിചെയ്യുന്നത് ആറളം വന്യജീവി സങ്കേതത്തിന്റെ ഫ്രിഞ്ച് എരിയയിലായതിനാൽ വന്യജീവികൾ ഫാമിലും പുനരധിവാസ മേഖലയിലും എത്താറുണ്ട്. ആറളം ഫാമിലെ വന്യമൃഗ സാന്നിദ്ധ്യം വനംവകുപ്പ് ഗൗരവത്തിലെടുക്കുകയും മനുഷ്യ-വന്യമൃഗം സംഘർഷം തടയുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | വേനൽ കനക്കുന്നതോടെയാണ് കശുമാങ്ങ തേടിയും പുഴയിലെ വെള്ളം തേടിയും കാട്ടാനകൾ ആറളം ഫാമിലെ ജനവാസ മേഖലകളിലേക്ക് പതിവായി ഇറങ്ങുന്നത് എന്നത് വസ്തുതയല്ലേ; | (ബി) | പ്രകൃത്യാലുള്ളതും മനുഷ്യ നിർമ്മിതവുമായ ജല സ്രോതസ്സുകൾ കാട്ടിനുള്ളിൽ ഉണ്ടെങ്കിലും വേനലിലെ ജലദൗർലഭ്യവും കശുമാങ്ങയുടെ ലഭ്യതയും കാരണം ആനകൾ ഫാമിലേക്ക് ഇറങ്ങി വരാറുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ രണ്ടു വകുപ്പ് മന്ത്രിമാരുടെയും സബ്കളക്ടറുടെയും നേതൃത്വത്തിൽ ഉപസമിതി രൂപീകരിച്ചിട്ടും ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ആനമതിലിന്റെ 30 ശതമാനം പ്രവൃത്തി മാത്രമാണ് ഒന്നര വർഷമായിട്ടും പൂർത്തിയാക്കാൻ സാധിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ആറളം വന്യജീവി സങ്കേതവും, ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലെപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) ന്റെ കീഴിലുള്ള ആറളം പുനരധിവാസ മേഖലയിൽ വളയംചാൽ മുതൽ പൊട്ടിച്ചപ്പാറ വരെ പൊതുമരാമത്ത് വകുപ്പ് മുഖേന 10.5 കി.മീ. ദൂരത്തിൽ ടി.ആർ.ഡി.എം. ആണ് ആനമതിൽ നിർമ്മാണം നടത്തുന്നത്. ആനമതിൽ നിർമ്മാണ പ്രവർത്തി നിലവിൽ നാല് കിലോമീറ്ററോളം ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും നിർമ്മാണം ധ്രുതഗതിയിലാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | എന്നിരുന്നാലും ആറളം ഫാമിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ അടിയന്തിര ഇടപെടൽ ആവശ്യമായതിനാൽ ആനമതിൽ നിർമ്മാണം പൂർത്തിയാക്കുന്നത് വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ അനെർട്ട് മുഖാന്തിരം അടിയന്തിരമായി ഹാഗിംങ്ങ് ഫെൻസിംഗ് സ്ഥാപിക്കാനും സോളാർ ഫെൻസ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ